നം. എൻ2/41050/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 19/09/2017
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ-5

വിഷയം :- പൊതുവിദ്യാഭ്യാസം - 2017-18 - വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഫ്രഷ്/റിന്യൂവൽ അപേക്ഷകളുടെ സൂക്ഷ്മ പരിശോധന - സംബന്ധിച്ച്.

സൂചന :- 1. ഈ ആഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി. 31.08.2017
2. കേന്ദ്ര സർക്കാരിന്റെ 13.09.17 ലെ ഇ-മെയിൽ സന്ദേശം.

2017-18 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഫ്രഷ്/റിന്യൂവൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30.09.2017 ൽ അവസാനിക്കുകയാണ്. ഓൺലൈൻ അപേക്ഷകളുടെ സ്കൂൾ തലത്തിലുള്ള സൂക്ഷ്മ പരിശോധനകൾ ഒക്ടോബർ 10 നു മുൻപ് പൂർത്തിയാക്കേണ്ടതാണ്.

## പ്രഥമാധ്യാപകരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

- സ്കൂളിൽ ലഭിക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ ന്യൂനതകൾ/അപാകതകൾ പരിഹരിച്ച് തുടർന്നുള്ള പരിശോധനകൾക്കായി സമർപ്പിക്കേണ്ടതാണ്.
- ഓരോ സ്കൂളിനും നൽകിയിട്ടുള്ള User ID/Password ഉപയോഗിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ലോഗിൻ ചെയ്തതിനു ശേഷം മാത്രമേ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനകൾ നടത്താൻ സാധിക്കുകയുള്ളൂ.
- നിലവിലുള്ള User ID/Password ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ സാധിക്കാത്ത സ്കൂളുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.
- കുട്ടികൾ സമർപ്പിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷകളിൽ അപാകത/തെറ്റ് കണ്ടെത്തിയാൽ പ്രസ്തുത അപേക്ഷ Defect ആയി രേഖപ്പെടുത്തുക. Defect ആയി രേഖപ്പെടുത്തിയ വിവരം കുട്ടിയുടെ മൊബൈലിൽ സന്ദേശമായി ലഭിക്കുന്നതാണ്. അപാകതയുള്ള (തെറ്റുകൾ) അപേക്ഷകളിൽ ആധാർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ്, മൊബൈൽ നമ്പർ, സ്കൂൾ ഫീസ് ഒഴികെ എല്ലാ കോളങ്ങളും കുട്ടികൾക്ക് എഡിറ്റ് (തെറ്റുതിരുത്തൽ) ചെയ്യാവുന്നതാണ്.
- ഫീസ് സംബന്ധമായ തെറ്റുകൾ തിരുത്തുന്നതിന് പ്രഥമാധ്യാപകർക്ക് മാത്രമേ സാധിക്കുകയുള്ളൂ.
- ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ് കോഡ്, മൊബൈൽ നമ്പർ എന്നിവ എഡിറ്റ് ചെയ്യാൻ നോഡൽ ഓഫീസർക്ക് മാത്രമേ സാധിക്കുകയുള്ളൂ.
- **ഏതെങ്കിലും കുട്ടികളുടെ മൊബൈൽ ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ** എന്നീ **വിവരങ്ങൾ തെറ്റുതിരുത്തുന്നതിന്** സാധിക്കുന്നില്ലായെങ്കിൽ ഉടൻതന്നെ **scholarshipdpi@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

- അപാകതകൾ ഉള്ള അപേക്ഷകൾ തള്ളിക്കളയാൻ/നിരസിക്കാൻ (റിജക്ട്) ചെയ്യാൻ പാടുള്ളതല്ല.
- **ഏതെങ്കിലും കാരണവശാൽ ഓൺലൈൻ അപേക്ഷകൾ റിജക്ട് (നിരസിച്ച) ചെയ്തിട്ടുണ്ടെങ്കിൽ Revoke എന്ന ലിങ്ക് ഉപയോഗിച്ച് അത്തരം അപേക്ഷകൾ Recall (തിരിച്ചെടുക്കൽ) ചെയ്യാവുന്നതും, അപാകത പരിഹരിച്ച് Re-Submit ചെയ്യാവുന്നതുമാണ്.**
- അപാകതകൾ പരിഹരിച്ച് (തെറ്റുകൾ തിരുത്തി) സമർപ്പിക്കുന്ന അപേക്ഷകൾ Re-verification എന്ന ലിങ്ക് ഓപ്പൺ ചെയ്ത് വെരിഫിക്കേഷൻ നടത്തിയശേഷം Re-submit ചെയ്യേണ്ടതാണ്.

## വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രത്യേകം ശ്രദ്ധയ്ക്ക്

- എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും അവർക്ക് ലഭിച്ചിട്ടുള്ള User ID/Password ഉപയോഗിച്ച്, സ്കൂളുകൾക്ക് ആവശ്യമായി വരുന്ന പക്ഷം അവരുടെ പാസ്‌വേർഡ് റീസെറ്റ് ചെയ്തു നൽകേണ്ടതാണ്.
- എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരുടെ അധികാര പരിധിയിൽപ്പെടുന്ന സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിൽ ലഭിച്ചിട്ടുള്ള സ്കോളർഷിപ്പ് അപേക്ഷകൾ പ്രഥമാധ്യാപകർ സൂക്ഷ്മ പരിശോധന നടത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ്-കം-മെരിറ്റ് സ്കോളർഷിപ്പ്, ഇൻസെന്റീവ് ടു ഗേൾസ് സ്കോളർഷിപ്പ്, അംഗവൈകല്യമുള്ള 9,10 ക്ലാസുകളിലെ കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവ സംബന്ധിച്ച എല്ലാവിധ ജോലികളും, സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകേണ്ടതും, എല്ലാ ജോലികളും തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി ആ വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്:-

എക്സിക്യൂട്ടീവ് ഡയറക്ടർ
ഐ.ടി@ സ്കൂൾ - സർക്കുലർ ഐ.ടി@സ്കൂളിന്റെയും, വിദ്യാഭ്യാസ വകുപ്പിന്റെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാലും

**പകർപ്പ് :-**

1. **എല്ലാ ഡി.ഡി.ഇ മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ എ.ഇ.ഒ മാർക്കും**

(1–3:) സ്കോളർഷിപ്പ് സംബന്ധമായ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രഥമാധ്യാപകർക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതാണ്.

4. **എല്ലാ പ്രഥമാധ്യാപകർക്കും - വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം**

**കൂടുതൽ വിവരങ്ങൾക്ക് :**

**www.scholarships.gov.in** - എന്ന വെബ് സൈറ്റ് സന്ദർശിക്കുക

# നേരിട്ടുള്ള വിവരങ്ങൾക്ക്

**0471-2328438, 9496304015 (ആഫീസ്), 9447990477 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.**